VI. റിപ്പോർട്ട് സമർപ്പണം

പട്ടികജാതി-പട്ടികവർഗ്ഗക്ഷേമ സമിതിയുടെ പന്ത്രണ്ടാമത് റിപ്പോർട്ട്

ശ്രീ. സി.പി. ബാലൻ വൈദ്യർ : സർ, പട്ടികജാതി-പട്ടികവർഗ്ഗക്ഷേമ സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ പന്ത്രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

VII. അനൗദ്യോഗികാംഗങ്ങളുടെ കാര്യം

VIII. റിപ്പോർട്ട് പരിഗണന

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ മുപ്പത്താമത് റിപ്പോർട്ട്

ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് : സർ, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ മുപ്പത്താമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ മുപ്പത്താമത് റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

IX. ക്രമപ്രശ്നം

അവതരിപ്പിക്കപ്പെട്ട ബില്ലുകൾക്ക് പ്രയോറിറ്റി നൽകി പരിഗണനയ്ക്കെടുക്കണമെന്നതു സംബന്ധിച്ച്

ശ്രീ. ജോണി നെല്ലൂർ : സർ, സ്വകാര്യബിൽ ആകെ വരുന്നത് വെള്ളിയാഴ്ച മാത്രമാണ്. 10-ാം കേരള നിയമസഭയുടെ ആദ്യ സമ്മേളനത്തിൽ ഞാൻ അവതരിപ്പിച്ച ഒരു സ്വകാര്യബില്ലുണ്ട്. ഒരു വാക്കു പറഞ്ഞതിനുശേഷം ഗവൺമെന്റിന്റെ ഭാഗത്തുനിന്നും കേൾക്കാനുള്ളത് കേട്ട് അത് ഡിസ്പോസ് ചെയ്യുകയോ പരിഗണനയ്ക്കെടുക്കുകയോ ചെയ്യേണ്ട ബില്ലാണ് കേരളത്തിലെ സിനിമാ രംഗത്ത് പ്രവർത്തിക്കുന്ന ആളുകൾക്ക് ക്ഷേമനിധി ഏർപ്പെടുത്തണമെന്നു പറഞ്ഞ ഒരു ബില്ലാണ്. 10-ാം നിയമസഭയുടെ ആരംഭത്തിൽ എടുത്ത ബില്ലുകൾക്കെങ്കിലും പ്രയോറിറ്റി കൊടുത്ത് അതെങ്കിലും പരിഗണനയ്ക്കെടുക്കാനുള്ള ഒരു അപേക്ഷ എനിക്കുണ്ട്.

മി. സ്പീക്കർ : നമ്മുടെ നടപടിക്രമമനുസരിച്ചാണ് ഇപ്പോൾ കാര്യങ്ങൾ നടക്കുന്നത്. അതിൽ ശ്രീ. ജോണി നെല്ലൂർ പറഞ്ഞതുപോലെ പരിഗണന നൽകുന്നത് നറുക്കെടുപ്പിലൂടെയാണ്. അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ എന്ന നിലയിൽ നറുക്കിട്ടു വരുന്നതും തുടർ ചർച്ചയ്ക്ക് നറുക്കിട്ടു വരുന്നതും എന്ന രൂപത്തിലാണ് ഇപ്പോൾ തുടർന്നു വരുന്നത്. തുടർ ചർച്ചയ്ക്ക് മുന്നെണ്ണമാണ് എടുക്കുന്നത്.

ശ്രീ. ടി.എം. ജേക്കബ് : സർ, എനിക്ക് ഒരു കാര്യം ചെയറിന്റെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്, ആദ്യത്തേത് നറുക്കെടുപ്പിൽ വരട്ടെ. കുഴപ്പമില്ല. കമ്മിറ്റിയുടെ റിപ്പോർട്ടാണല്ലോ ഇവിടെ പരിഗണിക്കുന്നത്. അവതരിപ്പിച്ചതിനകത്ത് നറുക്കെടുപ്പിന്റെ ആവശ്യമില്ല. കാരണം, ആദ്യം അവതരിപ്പിച്ചത് ഏത് കാല

LIBRARY ARCHIVES Kerala Legislative Assembly